# ദാസ്യ നേതൃത്വം

തന്റെ സഭയെ നയിക്കുന്നവരിൽ ഉണ്ടായിരിക്കുവാനായി ക്രിസ്തു ആഗ്രഹിക്കുന്ന നേതൃത്വം "ദാസ്യ നേതൃത്വം" ആണ്. യേശു തന്റെ അടുക്കലേക്കു ശിഷ്യന്മാരെ വിളിച്ചാക്കി മത്തായി 20:25–28 ൽ ഇതു ഉറപ്പിക്കുന്നു,

> ജാതികളുടെ അധിപന്മാർ അവരിൽ കർത്തൃത്വം ചെയ്യുന്നു എന്നും, മഹത്തുക്കൾ അവരുടെ മേൽ അധികാരം നടത്തുന്നു എന്നും നിങ്ങൾ അറിയുന്നു. നിങ്ങളിൽ അങ്ങനെ ആകരുത്; നിങ്ങളിൽ മഹാനാകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം, നിങ്ങളിൽ ഒന്നാമനാകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ദാസൻ ആകേണം; മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനും, അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും വന്നതുപോലെ തന്നെ എന്നു പറഞ്ഞു (എൻആർഎസ്‌വി).

"ദാസ്യനേതൃത്വം" നമുക്കു പരിശോധിക്കാം

"ദാസൻ" എന്നതും "അദ്ധ്യക്ഷൻ" എന്നതും എതിരായി തോന്നാം. *സഭാദ്ധ്യക്ഷൻ ശുശ്രൂഷക്കാരനാകുവാൻ സാധ്യതയുണ്ടോ, അല്ലെങ്കിൽ സഭാദ്ധ്യക്ഷൻ സേവിച്ചുകൊണ്ട് നയിക്കാമോ?* ദൈനന്തിന ജീവിതത്തിലെ താഴെ കൊടുത്തിരിക്കുന്ന മാതൃകകൾ പരിഗണിക്കുക:

*കുട്ടികളെ സേവിച്ചുകൊണ്ടാണ് രക്ഷകർത്താക്കൾ നയിക്കുന്നത്.* സ്നേഹമുള്ള ഒരു വീട്ടിൽ ഒരു കുഞ്ഞു മകൾ ജനിച്ചു എന്നു വിചാരിക്കുക. ആ കുഞ്ഞു പ്രത്യക്ഷപ്പെടുമ്പോൾ, ആ ദമ്പതികളുടെ എല്ലാ കാര്യത്തിലും മാറ്റമുണ്ടാകുന്നു. അവരുടെ സമയ പരിപാടി വ്യത്യസ്തമാകുന്നു; അവർക്കു പുതിയ മുൻഗണനകൾ ഉണ്ടാകുന്നു, പുതിയ താല്പര്യങ്ങളും, പണം ചെലവിടുവാനായി പുതിയ വഴികളും തുറക്കുന്നു. കുട്ടി കരയുമ്പോൾ, അപ്പന്റേയും അമ്മയുടേയും ശ്രദ്ധ അങ്ങോട്ടു തിരിയുക മാത്രമല്ല, എന്തെങ്കിലും കുഴപ്പം സംഭവിച്ചോ

എന്നു നോക്കാനായി ധൃതിയിൽ ഓടുകയും ചെയ്യും. ആ കുഞ്ഞിന്റെ ഏറ്റവും ചെറിയ ആവശ്യങ്ങൾ പോലും രക്ഷകർത്താക്കൾ നിറവേറ്റും. ആരാണ് ആ ഭവനത്തിന്റെ നടത്തിപ്പുകാർ? തീർച്ചയായും അപ്പനും അമ്മയുമാണ് നടത്തിപ്പുകാർ. ഒരു ക്രിസ്തീയ ഭവനത്തിൽ ജനിക്കുന്ന കുഞ്ഞിനെ, അപ്പനേയും അമ്മയേയും അനുസരിക്കുവാൻ പഠിപ്പിക്കും. മറ്റൊരു ഉത്തരവും സാധ്യമാണ്: ഒരു വിധത്തിൽ, ആ കുട്ടിയാണ് വിചാരകൻ. രക്ഷകർത്താക്കളുടെ ലോകം ആ കുഞ്ഞിനു ചുറ്റും കറങ്ങുന്നു. അതങ്ങനെ, സ്കൂളിൽ പൊയ്ക്കൊണ്ടിരിക്കുമ്പോഴും, പിയാനോ ക്ലാസിലും, ലിറ്റിൽ ലീഗ്, പിറ്റിഏ, സൺഡേ സ്കൂൾ, വിബിഎസ്, ബൈബിൾ ക്യാമ്പിലുമെല്ലാം തുടരുന്നു, എല്ലാ ത്യാഗവും സഹിക്കുന്നത് അവൾ കോളേജിൽ പോകേണ്ടതിനാണ്. രക്ഷകർത്താക്കൾ കുട്ടിയെ നയിക്കുന്നു, എന്നാൽ അവർ കുട്ടിയെ സേവിച്ചുകൊണ്ടാണ് നയിക്കുന്നത്.

*ഭർത്താക്കന്മാർ ഭാര്യമാരെ സേവിച്ചുകൊണ്ടാണ് നയിക്കുന്നത്.* ഒരു ക്രിസ്തീയ ഭവനത്തിൽ, ഭർത്താവാണ് "വിചാരണയിൽ" ഉള്ളത്. ചുരുങ്ങിയതു, ഭർത്താവു ഭാര്യയുടെ തലയും, ഭാര്യ ഭർത്താവിനു കീഴ്പ്പെട്ടിരിക്കയും വേണം (എഫെസ്യർ 5:22–24). ഒരു നല്ല ക്രിസ്തീയ ഭർത്താവിനെ സംബന്ധിച്ച്, നേതൃത്വത്തിൽ എന്താണ് ഉൾക്കൊണ്ടിരിക്കുന്നത്? അയാൾ തന്റെ സമയ വിവര പട്ടിക സംയോജിപ്പിക്കുമോ, തീരുമാനങ്ങൾ എടുക്കുമോ, വീട്ടുകാര്യങ്ങൾ തന്റെ മാത്രം പ്രയോജനത്തിനു ചെയ്യുമോ? അയാൾ തന്നെ കുറിച്ചു മാത്രമാണോ കരുതുന്നത്? അവൻ തന്റെ ഭാര്യയുടെ തലയാകുന്നു എന്നു പറഞ്ഞ തിരുവെഴുത്തു തന്നെ അവൻ തന്റെ ഭാര്യയെ, തന്നെ സ്നേഹിക്കുന്നതുപോലെ, അവൻ തന്റെ ശരീരത്തെ സ്നേഹിക്കുന്നതുപോലെ, ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ സ്നേഹിക്കേണം എന്നു പറഞ്ഞിരിക്കുന്നു (എഫെസ്യർ 5:25, 28, 33). അതിനർത്ഥം അയാൾ തന്റെ കുടുംബത്തെ നയിക്കുമ്പോൾ തന്റെ ഭാര്യയുടെ ആഗ്രഹങ്ങളും ആവശ്യങ്ങളും തന്റേതെന്ന പോലെ പ്രാധാന്യമുള്ളതായി കാണുന്നു; തീർച്ചയായും, ക്രിസ്തു സഭയെ തന്റേതെന്ന നിലയിൽ നന്നായി നിലനിർത്തി എന്നാണ് ക്രിസ്തുവിന്റെ മാതൃക പറയുന്നത്. തന്റെ ഭാര്യയെ അതെങ്ങനെ ബാധിക്കും എന്നു ചിന്തിക്കാതെ ക്രിസ്തീയ ഭർത്താവു തീരുമാനങ്ങൾ എടുക്കുകയില്ല. എങ്ങനെ അയാൾ തന്റെ ഭാര്യയെ നയിക്കും? അവൻ ശുശ്രൂഷിച്ചുകൊണ്ടു നയിക്കും!

*നല്ല ബിസിനസുകാരൻ നയിക്കുന്നതു തന്റെ ജോലിക്കാരെ ശുശ്രൂഷിച്ചുകൊണ്ടായിരിക്കും.* ജോലി സ്ഥലത്തു, ബോസ് "ഞാൻ ഏറ്റവും നല്ല പ്രവൃത്തി നിങ്ങൾക്കുവേണ്ടി ചെയ്യുവാൻ ആഗ്രഹിക്കുന്നു" എന്ന രീതിയിൽ, ആശയ വിനിമയം നടത്തിയാൽ ജോലിക്കാർ തങ്ങളുടെ ഏറ്റവും നല്ല പ്രകടനം കാഴ്ച്ച വെക്കും. തീർച്ചയായും, നേതാക്കന്മാർ ശുശ്രൂഷിച്ചാൽ, അവരുടെ ശുശ്രൂഷ ലഭിച്ചവർ തിരിച്ചു അവരെ ശുശ്രൂഷിക്കുവാൻ തയ്യാറാകുന്നതായി കാണുകയും അവരുടെ നേതൃത്വത്തെ പിൻപറ്റുകയും ചെയ്യും.

## "ദാസ്യ നേതൃത്വം" യേശു ആവശ്യപ്പെടുന്നുണ്ടോ?

നേതൃത്വത്തെ കുറിച്ചു യേശു എന്താണ് പഠിപ്പിച്ചത്? ദൈവരാജ്യ ത്തിൽ ഏറ്റവും വലിയവൻ ആരായിരിക്കും എന്നു അവന്റെ ശിഷ്യ ന്മാർക്കിടയിൽ, മൂന്നു അവസരങ്ങളിൽ ചർച്ച ചെയ്തതിനു, യേശു പ്രതി കരിച്ചതിൽ അതിന്റെ ഉത്തരം ഉണ്ട്. ചോദ്യം പ്രതീക്ഷിച്ചതായിരുന്നു. നേതൃത്വത്തിനുവേണ്ടിയാണ് അവരെ പരിശീലിപ്പിച്ചത് എന്ന് പന്തിരു വർ മനസ്സിലാക്കിയിരുന്നു, അതുകൊണ്ട് തങ്ങളിൽ ആരായിരിക്കും വലി യവൻ എന്നു അവർ സംശയിച്ചതു സ്വാഭാവികമായിരുന്നു.

### മത്തായി 18:1-4

ആദ്യത്തെ സന്ദർഭം മത്തായി 18:1–4 ൽ രേഖപ്പെടുത്തിയിരിക്കുന്നു (ഒത്തുവാക്യം. മർക്കൊസ് 9:33–37; ലൂക്കൊസ് 9:46–48). "ശിഷ്യന്മാർ യേശുവിന്റെ അടുക്കൽ വന്നു, പറഞ്ഞു, 'ദൈവരാജ്യത്തിൽ ഏറ്റവും വലിയവൻ ആർ എന്നു ചോദിച്ചു''' (വാ. 1). അതിനുള്ള ഉത്തരമായി യേശു ഒരു ശിശുവിനെ അടുക്കെ വിളിച്ചു അവരുടെ നടുവിൽ നിറു ത്തി. അവൻ പറഞ്ഞു. "നിങ്ങൾ തിരിഞ്ഞു ശിശുക്കളെ പോലെ ആയ് വരുന്നില്ല എങ്കിൽ, സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ സത്യ മായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു" (വാ. 2, 3). പിന്നെ അവൻ പറഞ്ഞു, "ആകയാൽ ഈ ശിശുവിനെ പോലെ തന്നെത്താൻ താഴ്ത്തുന്നവൻ, സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആകുന്നു." വലി യവൻ ആകുവാൻ ആഗ്രഹിച്ചതിനു യേശു ശിഷ്യന്മാരെ ശാസിച്ചില്ല. മറിച്ച്, വാസ്തവത്തിലുള്ള മാഹാത്മ്യത്തിലേക്കുള്ള മറ്റൊരു വഴി അവൻ കാണിച്ചു കൊടുത്തു: താഴ്മ എന്ന വഴിയാണത്. അവർ വാസ്തവത്തിൽ മഹാന്മാരാകണമെങ്കിൽ, അവർ താഴ്മ ധരിക്കേണ്ടതായിട്ടുണ്ട്.

താഴ്ന്ന ജോലി സ്വീകരിക്കുവാനുള്ള മനസ്സാണ് താഴ്മ ആവശ്യപ്പെ ടുന്നത് (ഉദാഹരണത്തിനു ഒരു ശിശുവിന്റെ മനസ്). അതിലുപരി, ഫിലി പ്പിയർ 2:3–8 ലെ യേശുവിന്റെ മാതൃക ഉപയോഗിക്കുവാൻ, താഴ്മയിൽ മറ്റുള്ളവരെ ശ്രേഷ്ഠരായി കാണുന്നതും, ദുരഭിമാനം ഉപേക്ഷിച്ചു ഒരു അടിമയെ പോലെ അല്ലെങ്കിൽ ദാസനെ പോലെ, അനുസരണമുള്ളവൻ ആകുന്നതും ഉൾപ്പെടുന്നു.

### മത്തായി 20:20-28

രണ്ടാമത്തെ സന്ദർഭം മത്തായി 20:20–28–ൽ കാണാം (ഒത്തുവാക്യം. മർക്കൊസ് 10:35–45). അനന്തരമായി നടക്കുന്ന സംഭവങ്ങൾ ശ്രദ്ധിക്കു ക. തന്റെ മക്കൾക്കു മുൻഗണനാസ്ഥാനങ്ങൾ യാക്കൊബിന്റെയും യോഹന്നാന്റെയും അമ്മ ആവശ്യപ്പെട്ടു (വാ. 20, 21). അത്തരം സ്ഥാനം നല്കൽ തന്റേതല്ല എന്നു യേശു ഉത്തരം നല്കി (വാ. 22, 23). മറ്റു അപ്പൊസ്തലന്മാർക്കു ആ രണ്ടു പേരോടു നീരസം ഉണ്ടായി (വാ. 24). *പിന്നെ* യേശുവിന്റെ ശക്തമായ വാക്കുകൾ പുറത്തുവന്നു: *"നിങ്ങളിൽ അങ്ങനെ അരുത്, ..."* (വാ. 25–28; എംഫസിസ് മൈൻ).

യേശുവിന്റെ വാക്കുകൾ യോഹന്നാനോടും യാക്കൊബിനോടും മാത്രം ആയിരുന്നില്ല; അവൻ എല്ലാ അപ്പൊസ്തലന്മാരെയും ഉദ്ദേശി

ച്ചാണ് പറഞ്ഞത്. അവസാനം, പത്ത് അപ്പൊസ്തലന്മാരും ശുശ്രൂഷയെ കുറിച്ചു മാത്രം കരുതിയിരുന്നെങ്കിൽ, യാക്കൊബും യോഹന്നാനും യേശുവിന്റെ ഇടതും വലതുമായി ഇരിക്കുകയാണെങ്കിൽ അവർക്കതിൽ എന്തു തോന്നും? നമുക്കു ചെയ്യാൻ കഴിയുന്ന നന്മകൾ ചെയ്യുന്നതിൽ മാത്രം നാം താല്പര്യം കാണിക്കുമ്പോൾ, ആർക്കാണ് അതിന്റെ മതിപ്പു അല്ലെങ്കിൽ ആരാണ് അതിന്റെ നടത്തിപ്പുകാരൻ എന്നതിൽ വ്യത്യാസം നോക്കേണ്ട കാര്യമുണ്ടോ? അപ്പൊസ്തലന്മാരുടെ നീരസത്താൽ, അവരും യോഹന്നാനേയും യാക്കൊബിനേയും പോലെ സ്ഥാനമാനങ്ങളെ ആഗ്രഹിച്ചു എന്നു തെളിയിച്ചു.

മത്തായി 20:25-28-ൽ യേശുവിന്റെ മറുപടിയിൽ അവൻ നല്കുന്ന പാഠം എന്താണ്?

(1) *ഈ ലോകരാജ്യങ്ങളിൽ നിന്നു സ്വർഗ്ഗരാജ്യം വ്യത്യാസമുള്ളതാണ്.* ലോകത്തിൽ, ആളുകൾ സ്ഥാനമാനങ്ങൾക്കുവേണ്ടി പോരാടുന്നു, മുകളിലെത്താൻ വെമ്പൽ കൊള്ളുന്നു, മാനവും മഹത്വവും നേടുവാനായി ആഗ്രഹിക്കുന്നു, ആളുകളെ ഇരുമ്പു മുഷ്ടി കൊണ്ടു അടിച്ചു ഒതുക്കുന്നു, അവരുടെ നേട്ടങ്ങൾ അവഗണിക്കപ്പെടുമ്പോൾ അവർ എതിർക്കുന്നു. നേരെ മറിച്ചു, ദൈവരാജ്യത്തിൽ, *"നിങ്ങളിൽ അങ്ങനെ ആകരുത്!"* ആ സന്ദേശം നമ്മുടെ മനസ്സുകളിലും ഹൃദയങ്ങളിലും തുളച്ചു കയറിയാൽ മാത്രമേ, നമ്മുടെ മിക്ക നേതൃത്വ പ്രശ്നങ്ങളും നീങ്ങുകയുള്ളൂ!

(2) *ദൈവരാജ്യത്തിൽ, വലുതാകുവാനുള്ള വഴി സേവന വഴിയാണ്.* വലിയവനാകുവാനുള്ള ആഗ്രഹത്തെ ശാസിച്ചില്ല; അതിനെ വഴി തിരിച്ചു വിടുകയാണ് ചെയ്തതു. നിങ്ങൾക്ക് എങ്ങനെ വലിയവനാകുവാൻ കഴിയും? നിങ്ങൾക്കു എത്ര പേരെ ശുശ്രൂഷിക്കുവാൻ കഴിയും, എത്ര മാത്രം സേവിക്കുവാൻ കഴിയും, എത്ര നന്നായി സേവിക്കുവാൻ കഴിയും എന്നു നോക്കുക! ഒരു ദാസനായി തീരുക!

(3) *യേശുവിന്റെ മാതൃക തന്റെ ആളുകളുടെ ജീവിതങ്ങൾക്ക് വഴി കാട്ടുന്നതാവണം.* അവൻ "ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷ ചെയ്‌വാനും, അനേകർക്കു മറുവില കൊടുപ്പാനുമത്രെ വന്നത്" (മത്തായി 20:28; മർക്കൊസ് 10:45). യേശുവിന്റെ ശുശ്രൂഷാ ജീവിതം മനസ്സിലാക്കുവാൻ സഹായിക്കുന്ന പൗലൊസിന്റെ വാക്കുകൾ പറയുന്നു നാം "നമ്മിൽ തന്നേ പ്രസാദിക്കാതിരിക്കയും," മറിച്ച് "നമ്മിൽ ഓരോരുത്തൻ കൂട്ടുകാരന്റെ നന്മെക്കായിട്ടു ആത്മിക വർദ്ധനെക്കു വേണ്ടി പ്രസാദിപ്പിക്കേണം ... ക്രിസ്തുവും തന്നിൽ തന്നേ പ്രസാദിച്ചില്ല" (റോമർ 15:1-3). പൗലൊസ് പിന്നെയും പറഞ്ഞു, "നമ്മുടെ കർത്താവായ യേശു ക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും, അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നൻ ആകേണ്ടതിനു, നിങ്ങൾ നിമിത്തം ദരിദ്രനായി തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലൊ" (2 കൊരിന്ത്യർ 8:9) "ക്രിസ്തുവും സഭയെ സ്നേഹിച്ചു സ്വയം അവൾക്കുവേണ്ടി ഏല്പിച്ചു കൊടുത്തു" (എഫെസ്യർ 5:25). അതുകൊണ്ട് ദാസ്യ നേതൃത്വത്തിനു യേശു ഒരു വലിയ മാതൃക വെച്ചിരിക്കുന്നു. കർത്താവിന്റെ സഭയെ നയിക്കുന്നവർ ശുശ്രൂഷിക്കുവാൻ അവസരം കണ്ടെത്തും, അല്ലാതെ മറ്റുള്ളവർ തങ്ങളെ സേവി

ക്കട്ടെ എന്നു വിചാരിക്കയില്ല. മറ്റുള്ളവരെ പ്രസാദിപ്പിക്കുവാൻ ശ്രമിക്കുന്നതിലൂടെ ആ വ്യക്തിക്കു കൂടുതൽ യേശുവിനെ പോലെ ആകുവാൻ കഴിയും, തന്നെയല്ല പ്രസാദിപ്പിക്കേണ്ടത്; തന്റെ ചെലവിൽ നാം മറ്റുള്ളവരെ സമ്പന്നരാക്കണം; അവർക്കുവേണ്ടി മരിക്കുവോളം നാം അവരെ സ്നേഹിക്കണം.

**യോഹന്നാൻ 13:1-17; ലൂക്കൊസ് 22:24-30**

മൂന്നാമത്തെ സന്ദർഭം യേശുവിനെ കാണിച്ചു കൊടുത്ത രാത്രിയിൽ സംഭവിച്ചതാണ്. കർത്തൃമേശക്കിടയിൽ യേശു അത്താഴത്തിൽ നിന്നും എഴുന്നേറ്റു, ഒരു തുവർത്തെടുത്ത്, അവന്റെ ശിഷ്യന്മാരുടെ കാലുകൾ കഴുകിയതിനെ യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നു (യോഹന്നാൻ 13:1–17). എന്തുകൊണ്ട്? യേശുവിന്റെ പ്രവൃത്തികളുടെ സന്ദർഭം ലൂക്കൊസ് 22:24–27 നല്കുന്നുണ്ട്:

> തങ്ങളുടെ കൂട്ടത്തിൽ ആരെ ആകുന്നു വലിയവനായി എണ്ണേണ്ടതു എന്നതിനെച്ചൊല്ലി ഒരു തർക്കവും അവരുടെ ഇടയിൽ ഉണ്ടായി. അവനോ അവരോടു പറഞ്ഞതു, "ജാതികളുടെ രാജാക്കന്മാർ അവരിൽ കർത്തൃത്വം നടത്തുന്നു; അവരുടെ മേൽ അധികാരം നടത്തുന്നവരെ 'ഉപകാരികൾ' എന്നു പറയുന്നു. നിങ്ങളോ അങ്ങനെയല്ല, നിങ്ങളിൽ വലിയവൻ ഇളയവനെ പോലെയും, നായകൻ ശുശ്രൂഷിക്കുന്നവരെ പോലെയും ആകട്ടെ. ആരാകുന്നു വലിയവൻ, ഭക്ഷണത്തിനിരിക്കുന്നവനോ, ശുശ്രൂഷിക്കുന്നവനോ? ഭക്ഷണത്തിനിരിക്കുന്നവനല്ലയോ? ഞാനോ നിങ്ങളുടെ ഇടയിൽ ശുശ്രൂഷിക്കുന്നവനെ പോലെ ആകുന്നു."

യേശു ശിഷ്യന്മാരുടെ കാൽ കഴുകിയപ്പോൾ, അവൻ അവർക്കിടയിൽ "ശുശ്രൂഷിക്കുന്നവനെ" പോലെ ആയി.

യേശുവിനെ കാണിച്ചു കൊടുത്ത രാത്രിയിൽ, അവന്റെ മരണത്തിനു തൊട്ടുമുൻപു - യേശു ആ സാഹചര്യം മുൻപു കൈകാര്യം ചെയ്തിരുന്നെങ്കിലും - ശിഷ്യന്മാർ അതേ ചോദ്യത്തെ കുറിച്ചു തർക്കിച്ചു കൊണ്ടിരുന്നു! അവർ പഠിക്കുന്നില്ല എന്നു തോന്നി! ലൂക്കൊസ് പറയുന്നതനുസരിച്ചു, യേശു ആദ്യം പറഞ്ഞതു പോലെയുള്ള ഉത്തരമാണ് വീണ്ടും നല്കുന്നത്. എങ്ങനെയായാലും, യോഹന്നാൻ പറയുന്നതനുസരിച്ചു, യേശു കൂടുതൽ ചെയ്തു. അവൻ അവരുടെ കാലുകൾ കഴുകിയശേഷം പറഞ്ഞു,

> ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിനു ഞാൻ നിങ്ങൾക്കു ദൃഷ്ടാന്തം തന്നിരിക്കുന്നു. "ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു, ദാസൻ യജമാനനേക്കാൾ വലിയവൻ അല്ല; ദൂതൻ തന്നെ അയച്ചവനേക്കാൾ വലിയവനുമല്ല. ഇതു നിങ്ങൾ അറിയുന്നു എങ്കിൽ, ചെയ്താൽ ഭാഗ്യവാന്മാർ" (യോഹന്നാൻ 13:15–17).

രാജ്യത്തിൽ ആരായിരിക്കും "വലിയവൻ ആകുക" എന്ന് വിചാരപ്പെടുന്നതിനേക്കാൾ, അവർ താഴ്ന്നു ഏറ്റവും താഴെക്കിടയിലുള്ള പ്രവൃത്തി, ഊഹിക്കാവുന്നതിൽ വെച്ചു ഏറ്റവും താഴ്ന്ന ജോലി ചെയ്യുവാനുള്ള മനസ്സുണ്ടെങ്കിൽ, അതാർക്കു വേണ്ടി ചെയ്യുന്നുവോ അവർ അതു മനസ്സിലാക്കിയില്ലെങ്കിലും അല്ലെങ്കിൽ ശ്രദ്ധിച്ചില്ലെങ്കിലും, അതിനെ അവർ എതിർത്താലും അതാണ് വേണ്ടത് എന്നു അവൻ നമുക്കു കാണിച്ചു തന്നിരിക്കുന്നു.

തന്റെ ശിഷ്യന്മാർ അവരിൽ ആരായിരിക്കും വലിയവൻ എന്നു വിചാരപ്പെട്ടുകൊണ്ടിരുന്നപ്പോൾ, യേശു ആ സന്ദർഭങ്ങളിലെല്ലാം പഠിപ്പിച്ചത് അവർ ദാസന്മാരായ അദ്ധ്യക്ഷന്മാരാകണം എന്നാണ്. യേശുവിന്റെ അധികാരത്തിൻ കീഴിൽ ദൈവശ്വാസിയമായി സംസാരിക്കുന്നവർ ദാസന്മാരായ അദ്ധ്യക്ഷന്മാരായിരുന്നു എങ്കിൽ, അവൻ അതുതന്നെ ഇന്നത്തെ സഭാദ്ധ്യക്ഷന്മാരിൽ നിന്നും പ്രതീക്ഷിക്കുന്നില്ലയോ?

### "ദാസ്യ നേതൃത്വത്തിന്" എന്താണ് ആവശ്യം?

അതുകൊണ്ടു, സഭാദ്ധ്യക്ഷന്മാർ, "ദാസന്മാരായ അദ്ധ്യക്ഷന്മാർ" ആകണം. എന്താണ് അതിന്റെ അർത്ഥം? ദാസ്യ അദ്ധ്യക്ഷന്മാരിൽ എന്താണ് ആവശ്യമായത്?[1]

### അവരെ ദാസന്മാരായി തന്നെ കാണൽ

ഒന്നാമതു, ദാസ്യ നേതൃത്വം, ആവശ്യപ്പെടുന്നതു, ഇടവകയിലെ അദ്ധ്യക്ഷന്മാർ അവരെ ഇടവകയുടെ ദാസന്മാരായിട്ടു തന്നെയാണ് കാണേണ്ടത്. ഉദാഹരണമായി, മൂപ്പന്മാർ, തങ്ങളുടെ സ്ഥാനമാനങ്ങൾക്കായി നിലകൊണ്ടേക്കാം; അങ്ങനെ വരുമ്പോൾ അംഗങ്ങൾ അവരെ ശുശ്രൂഷിക്കണം എന്നവർ തീർച്ചപ്പെടുത്തും. എന്നാൽ അവർ ദാസന്മാരായ അദ്ധ്യക്ഷന്മാരാണെങ്കിൽ, മറ്റുള്ളവർ തങ്ങളെ ശുശ്രൂഷിക്കണം എന്നവർ പ്രതീക്ഷിക്കുകയില്ല അല്ലെങ്കിൽ മാനമോ പുകഴ്ച്ചയോ ലഭിക്കണമെന്ന് പ്രതീക്ഷിക്കുകയില്ല. പകരം, അവർ തങ്ങളെ ഇടവകക്കുള്ളിൽ ഉള്ളവരായും, അംഗങ്ങൾ തിരിച്ച് നല്ല ശുശ്രൂഷകന്മാരായി തീരേണ്ടതിന്, സഭയെ താങ്ങി സേവനം നടത്തുന്നവരായും കാണും (നോക്കുക എഫെസ്യർ 4:11, 12). അവരുടെ സ്ഥാനത്തെ അവസരമായി അവർ കാണുന്നത്, കല്പിക്കുവാനോ, നിർബ്ബന്ധിക്കുവാനോ അല്ല; പിന്നെയോ ഓരോ ക്രിസ്ത്യാനിയെയും "അവൻ ആയാലും അവൾ ആയാലും" എല്ലാവരേയും ആത്മിയമായി സ്വർഗ്ഗത്തിലേക്കു പോകുവാൻ സഹായിക്കണം. ആളുകളോടുള്ള അവരുടെ മനോഭാവം. ആളുകളോടുള്ള അവരുടെ സമീപനം "ഇതാ നിങ്ങളോടുള്ള എന്റെ ആജ്ഞ," എന്നായിരിക്കരുത് മറിച്ചു "ഞാൻ എങ്ങനെയാണ് നിങ്ങളെ സഹായിക്കേണ്ടത്?" എന്നായിരിക്കണം.

### സംഘവുമായി തിരിച്ചറിയൽ

രണ്ടാമതു, വാസ്തവത്തിലുള്ള ദാസന്മാരായ അദ്ധ്യക്ഷന്മാർ അവർ നയിക്കുന്ന കൂട്ടത്തിൽ നിന്നു തങ്ങൾ അകന്നു മാറി "ഞാൻ / അവർ"

എന്ന മനോഭാവത്തിൽ കാണുകയില്ല: "'ഞാൻ' നല്ലവൻ; 'അവർ' മോശമായവർ; 'ഞാൻ' സമർപ്പിക്കപ്പെട്ടവൻ; 'അവർ' ശീതോഷ്ണവാന്മാർ; 'എനിക്കു' ബൈബിൾ അറിയാം; 'അവർ' അജ്ഞരാണ്." മറിച്ച്, അവർ തങ്ങളെ കൂട്ടത്തിന്റെ ഭാഗമായി കാണും. അവർ ഇങ്ങനെ ആയിരിക്കരുത് പറയേണ്ടത്, "നിങ്ങൾ ചെയ്യേണ്ടതു ചെയ്യുന്നില്ല," എന്നാൽ അവർ പറയേണ്ടത്, "നാം ചെയ്യേണ്ടതു ചെയ്യുന്നില്ല" എന്നാണ്. ആ ദേശത്തുള്ള ആളുകളിൽ നിന്നു വേറിട്ടു നില്ക്കുവാനുള്ള ദൈവ കല്പനയെ ലംഘിച്ചുകൊണ്ട് യെഹൂദന്മാർ കനാന്യരുടെ പെൺമക്കളെ വിവാഹം കഴിച്ചതായി എസ്രാ മനസ്സിലാക്കിയപ്പോൾ, ഇതിനെ സംബന്ധിച്ചു അവൻ നല്ലൊരു മാതൃക കാണിക്കുന്നുണ്ട്. എസ്രയുടെ പ്രതികരണം ഇതാ:

> ഈ വർത്തമാനം കേട്ടപ്പോൾ ഞാൻ, എന്റെ വസ്ത്രവും അങ്കിയും കീറി, എന്റെ തലയിലും താടിയിലുമുള്ള രോമം വലിച്ചു പറിച്ചു, സ്തംഭിച്ചു കുത്തിയിരുന്നു. ...
>
> സന്ധ്യായാഗത്തിന്റെ സമയത്ത് ഞാൻ എന്റെ ആത്മ തപനം വിട്ടു എഴുന്നേറ്റു, കീറിയ വസ്ത്രത്തോടും മേലങ്കിയോടും കൂടെ, മുട്ടു കുത്തി എന്റെ ദൈവമായ യഹോവയിങ്കലേക്കു; കൈമലർത്തി പറഞ്ഞതെന്തെന്നാൽ, "എന്റെ ദൈവമേ, ഞാൻ എന്റെ മുഖം എന്റെ ദൈവമായ നിങ്കലേക്കു ഉയർത്തുവാൻ ലജ്ജിച്ചു നാണിച്ചിരിക്കുന്നു, ഞങ്ങളുടെ അകൃത്യങ്ങൾ, ഞങ്ങളുടെ തലെക്കു മീതെ പെരുകി കവിഞ്ഞിരിക്കുന്നു, ഞങ്ങളുടെ കുറ്റം ആകാശത്തോളം വളർന്നിരിക്കുന്നു. ഞങ്ങളുടെ പിതാക്കന്മാരുടെ കാലം മുതൽ ഇന്നുവരെയും ഞങ്ങൾ വലിയ കുറ്റക്കാരായിരിക്കുന്നു, ..." (എസ്രാ 9:3-7).

എസ്രാ ആ ദേശത്തിലെ സ്ത്രീയെ വിവാഹം കഴിച്ചു എന്ന സൂചനയില്ലെങ്കിലും, ആ കുറ്റത്തിൽ അവനെയും ഉൾപ്പെടുത്തിയായിരുന്നു അവൻ സംസാരിച്ചത്. തന്റെ പ്രതികരണത്തിന്റെ ഒരു ഭാഗം യിസ്രായേൽ സമൂഹത്തെ ബോധ്യപ്പെടുത്തുന്ന വിശദീകരണം ആയിരുന്നു എങ്കിലും, താൻ നയിച്ച ജനത്തോടുകൂടെ എസ്രാ തന്നെയും തിരിച്ചറിഞ്ഞിരുന്നു എന്നു വ്യക്തമാണ്. ഇന്നു സഭാദ്ധ്യക്ഷന്മാർ തങ്ങൾ നയിക്കുന്ന ആളുകളോടു കൂടെ ദാസ്യ അദ്ധ്യക്ഷന്മാരായി തീരേണ്ടതിന് അവർ തങ്ങളെ തിരിച്ചറിയണം.

**മറ്റുള്ളവരെ പ്രഥമസ്ഥാനത്തു വെക്കുക**

മൂന്നാമതു, സഭാദ്ധ്യക്ഷന്മാർ അംഗങ്ങളുടെ സു - സ്ഥിതി തങ്ങളുടേതിനു മുൻപിൽ വെക്കണം. അവർ തങ്ങളെ പ്രസാദിപ്പിക്കാതെ, ക്രിസ്തുവിനെ പോലെ, മറ്റുള്ളവരെ, പ്രസാദിപ്പിക്കുന്നവരാകണം (റോമർ 15:1-3). "എന്നാൽ ശക്തരായ നാം അശക്തരുടെ ബലഹീനതകളെ ചുമക്കുകയും നമ്മിൽ തന്നെ പ്രസാദിക്കാതിരിക്കയും വേണം. നമ്മിൽ ഓരോരുത്തൻ കൂട്ടുകാരന്റെ നന്മെക്കായിട്ടു, ആത്മിക വർദ്ധനെക്കു

വേണ്ടി പ്രസാദിപ്പിക്കേണം. ..."

മരുഭൂമിയിൽ വെച്ചു യിസ്രായേൽ പാപം ചെയ്തപ്പോൾ ദൈവം അവരെ നശിപ്പിക്കുമെന്നും മോശെയെ വലിയൊരു ദേശമാക്കുമെന്നും ഭീഷണിപ്പെടുത്തിയപ്പോൾ, അദ്ധ്യക്ഷന്മാർക്ക് മോശെ ഒരു മാതൃക കാണിച്ചു, അവൻ അവർക്കുവേണ്ടി അപേക്ഷിച്ചു, പറഞ്ഞു, "അയ്യോ, ഈ ജനം മഹാപാതകം ചെയ്തു, ... എങ്കിലും നീ, അവരുടെ പാപം, ക്ഷമിക്കേണമേ – അല്ലെങ്കിൽ, നീ എഴുതിയ നിന്റെ പുസ്തകത്തിൽ നിന്നു എന്റെ പേർ മായിച്ചു കളയേണമേ!" (പുറപ്പാട് 32:31, 32). അവരുടെ പാപം മോശെയിൽ ചെലുത്തുക പ്രയാസമായിരുന്നു; യഹോവ മോശെയോടു, "എന്നോടു പാപം ചെയ്തവന്റെ പേർ, ഞാൻ എന്റെ പുസ്തകത്തിൽ നിന്നു മായിച്ചു കളയും" (പുറപ്പാട് 32:33). എങ്കിലും, വ്യക്തിപരമായ പരിഗണനയേക്കാൾ താൻ നയിക്കുന്നവരുടെ നന്മയാണ് പ്രാധാന്യമുള്ളതായി അവൻ കണ്ടത് (ഒത്തുവാക്യം. റോമർ 9:2, 3).

ദാസന്മാരായ അദ്ധ്യക്ഷന്മാരുടെ തീരുമാനങ്ങൾ അദ്ധ്യക്ഷന്മാരുടെ മുൻഗണനകളെയോ അല്ലെങ്കിൽ അദ്ധ്യക്ഷന്മാരുടെ നന്മയെയോ അല്ല, എന്നാൽ കൂട്ടത്തിനു എന്താണോ നല്ലത് അതിനെയാണ് ആസ്പദമാക്കിയിരിക്കുന്നത്. അവർ പറയുന്നതും, ചെയ്യുന്നതും, തീരുമാനിക്കുന്നതും സഭയുടെ നന്മയെ ലക്ഷ്യമാക്കുന്നതായിരിക്കും. ഉദാഹരണമായി, ഞായറാഴ്ച്ച കാലത്തു 10.00 മണിക്ക് ആരാധിക്കണമെന്നു മൂപ്പന്മാർ ഇഷ്ടപ്പെടുന്നു, എന്നാൽ മറ്റെല്ലാവർക്കും 9.00 മണിക്ക് ആരാധന തുടങ്ങണം എന്നാണ് ഇഷ്ടമെങ്കിൽ, സഭയുടെ നന്മക്കായി, അവർ ആ സമയത്തെ തിരഞ്ഞെടുത്തില്ലെങ്കിലും അതിനെ അംഗീകരിക്കും.

**പരിശ്രമം ശുശ്രൂഷിക്കുന്നതിൽ ചെലവിടണം**

നാലാമത്, സഭാദ്ധ്യക്ഷന്മാർ തങ്ങളുടെ സമയവും പരിശ്രമവും തങ്ങളുടെ ജോലിയിൽ ചെലവിടേണ്ടതാണ്: അതു *ജോലി*യാണ്! ഒരു ദാസന്റെ കർത്തവ്യം ജോലി ചെയ്യുക എന്നതാണ്; അതുപോലെ, സഭയിലെ ഒരു ദാസനായ അദ്ധ്യക്ഷന്റെ കർത്തവ്യം ജോലി ചെയ്യുക എന്നതാണ്. പൗലൊസ് പറഞ്ഞു, "ഒരുത്തൻ അദ്ധ്യക്ഷ സ്ഥാനം ആഗ്രഹിക്കുന്നു എങ്കിൽ, അവൻ നല്ല *വേല* ആഗ്രഹിക്കുന്നു" (1 തിമൊഥെയൊസ് 3:1; കെജെവി). മൂപ്പൻ "വളരെ പ്രാധാന്യമുള്ള," "വലിയ മാനമുള്ള," അല്ലെങ്കിൽ "പരിഗണിക്കത്തക്ക മഹത്വമുള്ള" സ്ഥാനം ആഗ്രഹിക്കണം എന്നല്ല പൗലൊസ് പറഞ്ഞത്. ഒരു മൂപ്പനായി സേവിക്കുന്നതിൽ പ്രവൃത്തി ഉൾപ്പെടുന്നു!

വാസ്തവത്തിൽ, മൂപ്പനായി നിയമിക്കപ്പെട്ട ഒരാൾ മഹത്വം അന്വേഷിക്കയും അയാൾക്ക് സഭയെ സേവിക്കാൻ താല്പര്യമില്ല എങ്കിലും, ഒരു പക്ഷെ ദാസനായ അദ്ധ്യക്ഷന്റെ പങ്കു അനിവാര്യമായി അയാൾക്കു തോന്നും. അധികം ജോലിയും (സേവനം) കുറച്ചു മാനവുമാണ് മൂപ്പന്റെ പങ്ക് എന്ന് അവൻ കാണുന്നു. "മാനത്തെ" സംബന്ധിച്ചു അയാൾ കണ്ടെത്താനിടയുള്ളത്, സഭാ സേവനം നന്നായി നടന്നാൽ, പുകഴ്ച്ച കിട്ടുന്നതു ഉപദേഷ്ടാവിനു; സേവനം മോശമായാൽ, മൂപ്പന്മാർ കുറ്റക്കാരാകും. മനുഷ്യരിൽ നിന്നു പുകഴ്ച്ച ലഭിക്കാതിരിക്കുന്നതു കൂടാ

തെ, മണിക്കൂറുകൾ നീണ്ട മീറ്റിങ്ങുകൾ, രാത്രി താമസിച്ചേ വീട്ടിലെത്താൻ സാധിക്കൂ, ഭൗതികമായ അദ്ധ്വാനം, അടിക്കടി അസംതൃപ്തവും ഉത്സാഹമില്ലാത്ത അംഗങ്ങളുമായുള്ള ഏറ്റുമുട്ടൽ, തികച്ചും നിഷ്ഫലമായ സന്ദർശനങ്ങൾ, ബലഹീനരെയും അവിശ്വസ്തരെയും പരിഗണിക്കൽ, കൂടാതെ ആളുകൾ മാറാത്തതുകൊണ്ട് ഉണ്ടാകുന്ന മടുപ്പു എന്നിവയാണ് ആ ജോലിയിൽ ഉൾപ്പെട്ടിരിക്കുന്നതായി അയാൾ കാണുന്നത്. *സഭയിലെ നേതൃത്വം ആവശ്യപ്പെടുന്നതു സേവനമാണ്!*

**മറ്റുള്ളവരോടു മര്യാദയായി ഇടപെടുക**

അഞ്ചാമതു, ഇടവകയോടു മൂപ്പന്മാർ ദയയോടും മാന്യതയോടും വേണം ഇടപെടുവാൻ. ഒരേ സമയത്ത് മറ്റുള്ളവരെ സേവിക്കുവാനും അവരോടു ആധിപത്യത്തോട്, കഠിനമായി, ദയാരഹിതമായി പെരുമാറുവാനും ഒരദ്ധ്യക്ഷന് കഴിയുകയില്ല. ദയാരഹിതമായി താൻ സേവിക്കേണ്ടവരോട് ഇടപെടുന്നതിനുപകരം, സഭാദ്ധ്യക്ഷന്മാർ അപ്പൊസ്തലനായ പൗലൊസിൽ നിന്നു ഒരു പാഠം ഉൾക്കൊള്ളണം.

കർത്താവിന്റെ സഭയിലെ ഇടവകകളിലെ വലിയ ഒരു അദ്ധ്യക്ഷനായിരുന്നു പൗലൊസ്, തനിക്ക് അവരോടു കല്പിക്കുവാനുള്ള അവകാശം ഉണ്ടെന്നു അവൻ പറഞ്ഞിരുന്നു. അവൻ എങ്ങനെ അവരെ നയിച്ചു? അവൻ സാധാരണ കല്പിച്ചുവോ? തന്റെ അവരോടുള്ള ഇടപാടുകളിൽ അവൻ കർക്കശക്കാരനായിരുന്നോ? അവന്റെ ലേഖനങ്ങൾ നാം വായിക്കുമ്പോൾ, ഒരു നിയമമായി, അവന്റെ വാക്കുകൾ സൗമ്യമായിരുന്നു, എന്നു നമുക്കു കാണാം. അവൻ ആരെ സംബോധന ചെയ്തുവോ അവരുടെ നന്മയായിരുന്നു അവൻ ഉദ്ദേശിച്ചത്. നല്ല ദാസനായ ഒരു അദ്ധ്യക്ഷന്റെ ചിത്രം കിട്ടുവാൻ, 1 തെസലൊനിക്യർ 2:5-12 നോക്കുക:

> ... നിങ്ങൾ അറിയുംപോലെ, ഞങ്ങൾ ഒരിക്കലും മുഖസ്തുതിയോ - ദ്രവ്യാഗ്രഹത്തിന്റെ ഉപായമോ പ്രയോഗിച്ചിട്ടില്ല - ദൈവം സാക്ഷി ക്രിസ്തുവിന്റെ അപ്പൊസ്തലന്മാർ എന്ന അവസ്ഥക്കു ഘനത്തോടെ ഇരിപ്പാൻ കഴിവുണ്ടായിട്ടും, ഞങ്ങൾ മനുഷ്യരോട് നിങ്ങളോടാകട്ടെ മറ്റുള്ളവരോടാകട്ടെ, മാനം അന്വേഷിച്ചില്ല. ഒരു അമ്മ തന്റെ കുഞ്ഞുങ്ങളെ പോറ്റും പോലെ, ഞങ്ങൾ നിങ്ങളുടെ ഇടയിൽ ആർദ്രതയുള്ളവരായിരുന്നു. ഇങ്ങനെ ഞങ്ങൾ നിങ്ങളെ ഓമനിച്ചു-കൊണ്ടു, നിങ്ങൾക്കു ദൈവത്തിന്റെ സുവിശേഷം പ്രസംഗിപ്പാൻ മാത്രമല്ല നിങ്ങൾ ഞങ്ങൾക്കു പ്രിയരാകയാൽ, ഞങ്ങളുടെ പ്രാണനും കൂടെ വെച്ചു തരുവാൻ ഒരുക്കമായിരുന്നു. സഹോദരന്മാരേ, ഞങ്ങളുടെ അദ്ധ്വാനവും പ്രയാസവും, നിങ്ങൾ ഓർക്കുന്നുവല്ലോ, നിങ്ങളിൽ ആർക്കും ഭാരമായിത്തീരരുതു എന്നു വെച്ചു ഞങ്ങൾ രാവും പകലും വേല ചെയ്തുകൊണ്ടു, നിങ്ങളോടു ദൈവത്തിന്റെ സുവിശേഷം പ്രസംഗിച്ചു. വിശ്വസിക്കുന്ന നിങ്ങളുടെ ഇടയിൽ, ഞങ്ങൾ എത്ര പവിത്രമായും നീതിയായും അനി

ന്ദ്യമായും നടന്നു എന്നതിനു, നിങ്ങളും ദൈവവും സാക്ഷി; തന്റെ രാജ്യത്തിനും മഹത്വത്തിനും നിങ്ങളെ വിളിക്കുന്ന ദൈവത്തിനു യോഗ്യമായി നടപ്പാൻ തക്കവണ്ണം ഞങ്ങൾ നിങ്ങളിൽ ഓരോരുത്തനെ അപ്പൻ മക്കളെ എന്നപോലെ, പ്രബോധിപ്പിച്ചും ഉത്സാഹിപ്പിച്ചും സാക്ഷ്യം പറഞ്ഞും പോന്നു എന്നു നിങ്ങൾക്കു അറിയാമല്ലോ.

ദാസന്മാരായ അദ്ധ്യക്ഷന്മാർ മൃദുലമായിട്ടായിരിക്കും മറ്റുള്ളവരോടു ഇടപെടുന്നത്, അത് തന്റെ സ്വന്തം മക്കളെ "സ്നേഹത്തോടെ പോറ്റുന്ന ഒരമ്മയെ പോലെ" ആണ്. അവർ തങ്ങളെത്തന്നെ പങ്കിടുവാൻ കാരണം അവർ നയിക്കുന്നവർ അവർക്കു പ്രിയപ്പെട്ടവരാണ്. അവർ തങ്ങളുടെ പ്രവൃത്തികൾ പൂർത്തിയാക്കുവാൻ, വേണ്ടിവന്നാൽ, രാവും പകലും ചെയ്യും. അവർ നിർമ്മലമായും, നീതിയായും, കുറ്റമില്ലാതെയും ഇടപെടും, അതു സഭയ്ക്കു മാതൃക കാണിച്ചു കൊടുക്കേണ്ടതിനാണ്. അവർ എല്ലായ്പ്പോഴും അവരുടെ നേതൃത്വം ആവശ്യപ്പെടുന്നവരോട്, "ഒരപ്പൻ തന്റെ മക്കളോടെന്നപോലെ" ദയയോടെ പെരുമാറും. വാസ്തവത്തിലുള്ള ദാസന്മാരായ അദ്ധ്യക്ഷന്മാരുടെ ലക്ഷ്യം ക്രിസ്ത്യാനികളെ ദൈവത്തിനു യോഗ്യമായ ജീവിതം നയിക്കേണ്ടതിനു സഹായിക്കുന്നതാണ്.

**മാതൃകയാൽ നയിക്കൽ**

ആറാമത്, ദാസന്മാരായ അദ്ധ്യക്ഷന്മാർ മാതൃകയാൽ നയിക്കേണ്ടവരാണ്. അവർ വെറുതെ പോകേണ്ട വഴി മറ്റുള്ളവരോടു പറയുകയല്ല; യേശു ചെയ്തതു പോലെ, അവർ അവർക്കു മുൻപായി നടന്നു കാണിക്കും. (1 പത്രൊസ് 5:3 നോക്കുക.) സഭാമന്ദിരം വൃത്തിയാക്കിയാൽ കൈകളിൽ അഴുക്കാകും എന്നു കരുതുന്ന, ആഹാരശേഷം പാത്രം കഴുകാൻ തന്റെ "ആത്മിയത" തന്നെ അനുവദിക്കുന്നില്ല എന്നു കരുതുന്ന, അല്ലെങ്കിൽ "പ്രധാനപ്പെട്ട ആളുകളോടു" സംസാരിക്കുവാനുള്ളതിനാൽ സഹായം ആവശ്യമുള്ളവർക്ക് സമയം ചിലവാക്കാനില്ല എന്നു പറഞ്ഞു ഒഴിഞ്ഞു മാറുന്ന ഒരാളെ മൂപ്പനായി തിരഞ്ഞെടുക്കേണ്ടതില്ല. അയാൾ ദാസനായ അദ്ധ്യക്ഷൻ അല്ല.

തങ്ങൾക്കു ചെയ്യുവാൻ കഴിയാത്തതു, അവർ ചെയ്തിട്ടില്ലാത്തതു, ചെയ്യുവാൻ താല്പര്യമില്ലാത്തതു സഭാദ്ധ്യക്ഷന്മാർ അംഗങ്ങളോടു ഒരിക്കലും പറയരുത്! "ആ കുന്നിന്റെ മുകളിൽ ചെന്നു ശത്രുവിന്റെ യന്ത്രത്തോക്കു എടുത്തുകൊണ്ടു വരിക! ഞാൻ ഇവിടെ ഇരുന്നു ആ നല്ല പ്രവൃത്തി വീക്ഷിക്കട്ടെ" എന്നു പറയുന്ന, മേലുദ്യോഗസ്ഥനെ പടയാളികൾ പിൻപറ്റുകയില്ല. അവർ പിൻപറ്റുന്നത്, "എന്നെ പിൻപറ്റുക! ആ യന്ത്രത്തോക്ക് എടുക്കാനാണ് നാം പോകുന്നത്!" എന്നു പറയുന്ന മേലുദ്യോഗസ്ഥനെ ആയിരിക്കും. ഒരു പഴഞ്ചൊല്ലു ഇതിനോടു യോജിക്കുന്നു: "നിങ്ങൾക്ക് അറിയാത്തതു പഠിപ്പിക്കുവാൻ സാധ്യമല്ല; നിങ്ങൾക്കു പോകാൻ കഴിയാത്ത സ്ഥലത്തേക്കു നിങ്ങൾക്കു നയിക്കുവാനും സാധ്യമല്ല."

## ഉപസംഹാരം

ഒരു പക്ഷെ നാം പറഞ്ഞത് അധികവും ചുരുക്കമായി പറഞ്ഞാൽ താഴെ കൊടുത്തിരിക്കുന്നതു പോലെ ആയിരിക്കും:

സഭയിലെ ദാസന്മാരായ അദ്ധ്യക്ഷന്മാർ...

... ശുശ്രൂഷ ചെയ്യിക്കുവാനല്ല ശുശ്രൂഷ ചെയ്യുവാനാഗ്രഹിക്കും.

... പ്രാമുഖ്യമോ, അധികാരമോ, അല്ലെങ്കിൽ മഹത്വമോ നോക്കാതെ ശുശ്രൂഷിക്കുവാൻ അവസരം ആരായും.

... സഭയുടെ പ്രയോജനത്തിനു വേണ്ടിയാണ്, തങ്ങളുടെ നേതൃത്വ നിർവ്വഹണം; അല്ലാതെ സഭ അവർക്കു വേണ്ടിയല്ല ഉള്ളത് എന്ന് അവർ മനസ്സിലാക്കും.

... അവർ ഇടവകയുടെ ഭാഗമാണ്, അല്ലാതെ ഇടവകക്കു മുകളിലല്ല എന്നു അവർ പരിഗണിക്കും.

... കൂട്ടത്തേക്കാൾ തങ്ങളെ കുറിച്ചു കുറച്ചേ കരുതൂ.

... ഇടവകയ്ക്ക് ഏറ്റവും നല്ലതു സ്നേഹത്താൽ ഉത്തേജിപ്പിച്ചു ചെയ്യും.

... അവർ നയിക്കുന്നവരുടെ ഗുണത്തിനു - മരണത്തോളം ത്യാഗം വരിക്കുവാനും - തങ്ങളെത്തന്നെ നല്കുവാനും - തങ്ങളെ ആ ലക്ഷ്യത്തിന് സമർപ്പിക്കുവാനും തയ്യാറാകും.

... നേതൃത്വം ഒരു പ്രവൃത്തിയാണെന്നും അതിനു വേണ്ട സമയവും പരിശ്രമവും ചെലവിടേണം എന്നു തിരിച്ചറിയും.

... തങ്ങളെ നേതൃത്വത്തിനായി ആഗ്രഹിക്കുന്നവരോടു സൗമ്യമായി ഇടപെടും.

... വെറുതെ പറയാതെ, പ്രവൃത്തി ചെയ്തു, മാതൃക കാണിച്ചു നയിക്കുക; തങ്ങൾക്കു ചെയ്യാൻ പറ്റാത്തതു അനുയായികളെ കൊണ്ടു ചെയ്യിക്കരുത്.

ദാസ്യനേതൃത്വം ഫലപ്രദമാണോ? 1991-ൽ ഒരു പത്രത്തിൽ തിരഞ്ഞെടുത്ത ഭടന്മാരെ എതിർക്കുവാൻ, സ്വയം - ആയുധധാരികളായി യുദ്ധത്തിനു പോയവരുടെ വിലയെ പ്രകീർത്തിക്കുന്ന, ജോയിന്റ് ചീഫ്സ് ഓഫ് സ്റ്റാഫിന്റെ ചെയർമാൻ കോളിൻ പവലിനെ ഉദ്ധരിച്ചുകൊണ്ട്, കെൻ അഡൽമാൻ പറഞ്ഞു:

> ഗൾഫിൽ പോയി കെട്ടിപ്പൊക്കുന്നതിനു മുൻപു, ജെന. പവ്വൽ നമ്മുടെ ട്രൂപ്പുകൾ നല്ല പ്രകടനം കാഴ്ച്ചവെക്കും എന്നു പറഞ്ഞു. അവരെ മെനയുന്നതിൽ, പ്രത്യേകിച്ചു രഹസ്യമൊന്നും ഇല്ലായിരുന്നു: “ആരംഭിക്കുന്നതിനു കൊള്ളാവുന്ന ആളുകൾ ഉണ്ടെങ്കിൽ; അവർക്കു നല്ല പരിശീലനം കൊടുത്താൽ; അവരുടെ ആയുധങ്ങൾക്കു വേണ്ട ഭാഗങ്ങൾ എല്ലാം കൊടുത്താൽ; ഒരു ടീം ആയി അവരെ പ്രവർത്തിക്കുവാൻ അനുവദിച്ചാൽ; ഓരോ ടീമിനും തങ്ങളെയും കുടുംബത്തെയും ശ്രദ്ധിക്കുവാൻ എൻസിഒയും അദ്ധ്യക്ഷന്മാരായ ഓഫീസർമാരെയും നൽകിയാൽ; അവർ അമേരിക്കൻ ജനതക്കു വേണ്ടിയാണ് യുദ്ധം ചെയ്യുന്നതെന്നു വിശ്വസിച്ചാൽ; അമേരിക്കൻ ജനത തങ്ങളിൽ വിശ്വസിക്കുന്നു എന്നും അവർ വിശ്വ

സിച്ചാൽ – പിന്നെ ആ കുട്ടികൾ നിങ്ങൾക്കു എന്തും ചെയ്യും."[2]

ജെനറൽ പവ്വലിന്റെ ഉദ്ധരണിയിലെ വാക്കുകളിൽ അല്പം മാറ്റം വരുത്തിയാൽ, അതു ക്രിസ്തീയ സാഹചര്യത്തിനു അനുയോജ്യമാകും: സഭയെ നയിക്കുന്നവർ അവർ നയിക്കുന്നതു ഗുണമുള്ള ആളുകളെയാണെന്നു ധരിച്ചാൽ, അവർ കഴിവതും നല്ല പരിശീലനം കൊടുക്കുകയാണെങ്കിൽ, സേവനത്തിനു ആവശ്യമായുള്ളതെല്ലാം അവർക്കു നല്കിയാൽ, അവർ അംഗങ്ങളെയും അവരുടെ കുടുംബങ്ങളെയും കരുതിയാൽ, അവർ സേവിക്കുന്നതിനുള്ള കാരണം വിശ്വസിക്കുന്നതിലേക്ക് ക്രിസ്ത്യാനികളെ നയിച്ചാൽ – അപ്പോൾ ക്രിസ്തുവിന്റെ നാമം നിമിത്തം മൂപ്പന്മാർ ആവശ്യപ്പെടുന്നതു എന്തും ഇടവക ചെയ്യും.

---

കുറിപ്പുകൾ

[1]"മൂപ്പന്മാർ എങ്ങനെ നയിക്കണം" എന്ന മുൻപിലത്തെ പാഠത്തിൽ വിവരിച്ചത് ദാസ്യ അദ്ധ്യക്ഷൻ എന്നതിന്റെ അർത്ഥം മനസ്സിലാക്കുവാൻ സഹായിക്കും. [2]"വോളന്റിയർ ഫോഴ്സെസ് സ്ട്രെങ്ങ്തെൻ യു.എസ്.," *ദ ടെന്നെസിയൻ,* ഫെബ്. 5, 1991, 7 ഏ.

---

ആരോ പറഞ്ഞു, "പഠനം എന്നതു വിവരശേഖരമാണ്; ധ്യാനം എന്നത് അതിനെ എല്ലാ വശങ്ങളിൽ നിന്നും വീക്ഷിച്ചു ജീവിതവുമായി ബന്ധപ്പെടുത്തുന്നതാണ്. പഠനം തീർപ്പിലേക്കു നയിക്കുന്നു; ധ്യാനം നയിക്കുന്നത് തീർച്ചയിലേക്കും. നാം പഠിക്കുന്നതു ശുശ്രൂഷിക്കുന്നതിനാണ്;

© 2009 Truth for Today